# KERALA ELECTRICITY EMPLOYEES' CONFEDERATION
## INTUC

KEEC

(Reg. No. 01-14/87- Aff. 10485)
V.P.MARAKKAR SMARAKA MANDIRAM
AMBUJAVILASOM ROAD, THIRUVANANTHAPURAM-695 001
Phone: 0471-2471087- Fax: 0471-2471087
email: keecintuchq@gmail.com, Web: www.intuckeec.com

| PRESIDENT | GENERAL SECRETARY | TREASURER |
|---|---|---|
| K.P. DHANAPALAN Ex.M.P. | SIBYKUTTY FRANCIS | V. GOPAKUMAR |


No. KEEC/GL/2017

തിരുവനന്തപുരം
24-10-2017

സ്വീകർത്താവ്

ബഹു.ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
വൈദ്യുതിഭവൻ, പട്ടം
തിരുവനന്തപുരം

സർ,

വിഷയം: ജനറൽ ട്രാൻസ്ഫർ 2017- DA - ഗ്രേഡ് - പരിഹരിക്കപ്പെടേണ്ടുന്ന വിഷയങ്ങൾ സംബന്ധിച്ച്.

സൂചന : ഈ വിഷയങ്ങളിൽ മുമ്പ് ഞങ്ങൾ നൽകിയിട്ടുള്ള കത്തുകർ.

1. 2016 ൽ ഒപ്പ് വച്ച ശമ്പള പരിഷ്ക്കരണ കരാർ പ്രകാരം, Consumer Price Index പൂർണ്ണമായും പബ്ലിഷ് ചെയ്യുമ്പോൾ KSEB Ltd ജീവനക്കാർക്ക് ക്ഷാമബത്തയ്ക്ക് അർഹതയുണ്ട്. 2017 ജൂലായ് 1 മുതലുള്ള 1% DA Consumer Price Index Publish ചെയ്ത ഉടനെ ലഭിക്കേണ്ടതായിരുന്നുവെങ്കിലും ലഭിച്ചിട്ടില്ല. ഇതു സംബന്ധിച്ചുള്ള കത്ത് മുമ്പ് നൽകിയതാണ്. DA നൽകുന്നതിനുള്ള നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

2. ജനറൽ ട്രാൻസ്ഫർ ഗൈഡ്ലൈനിലെ Clause 17,18 ഞങ്ങൾ അംഗീകരിച്ചിട്ടുള്ളതല്ല. പക്ഷേ ഈ വർഷത്തെ ട്രാൻസ്ഫർ ഉത്തരവുകൾ, യൂണിയനുകളുമായി നടത്തിയ ചർച്ചയിലെ തീരുമാനങ്ങൾക്ക് വിരുദ്ധമായിട്ടാണ് പുറത്തിറക്കിയത്. നിലവിലുള്ള ഒഴിവുകളിൽ പലതിലും ജീവനക്കാരെ പോസ്റ്റ് ചെയ്യാതിരുന്നതിന്റെ പേരിൽ ജന്മ സ്ഥലത്തേയ്ക്ക് ട്രാൻസ്ഫറിന് അർഹതപ്പെട്ട പലരും ഇപ്പോഴും ക്യൂവിൽ നിൽക്കുകയാണ്. ഗൈഡ്ലൈനിൽ പ്രതിപാദിച്ചിട്ടുള്ള കാര്യങ്ങൾപോലും പാലിക്കാൻ സാധിച്ചിട്ടില്ലായെന്നുള്ളത് പ്രതിഷേധാർഹമാണ്. ഇത് സംബന്ധിച്ച് Director (Finance) ന് ഞങ്ങൾ കത്ത് നൽകിയിട്ടുണ്ട്.

Posting Strength ന്റെ പേര് പറഞ്ഞ് തസ്തികകൾ ഇല്ലാതാക്കിയത് താഴെപ്പറയുന്ന മേഖലകളിലാണ്.

1. സബ് സ്റ്റേഷനിൽ ഓവർസിയർമാരുടെ എണ്ണം Posting Strength എന്ന വാക്ക് ഉപയോഗിച്ച് ഇല്ലാതാക്കി.
2. ജനറേറ്റിംഗ് സ്റ്റേഷനുകളിൽപോലും permanent Sub Engineer നെ ഒഴിവാക്കി യിട്ടുണ്ട്.
3. സീനിയർ അസിസ്റ്റന്റിനെ കാഷ്യറാക്കി ജോലി ചെയ്യിപ്പിച്ച് പല സ്ഥലങ്ങളിലും രണ്ട് തസ്തികകളും വെട്ടിക്കുറയ്ക്കുന്ന സാഹചര്യംപോലും ഉണ്ടായി. ഉപഭോക്താക്കൾ കൂടുതലുള്ള സെക്ഷനിൽ പലതിലും ആളിന്റെ എണ്ണം കുറച്ചു.
4. സിവിൽ സബ് എഞ്ചിനീയറുടെ എണ്ണം Posting Strength ലൂടെ കുറച്ച് ജോലിഭാരം കൂട്ടി. ആയതിനാൽ ക്യൂവിൽ നിൽക്കുന്നവർക്ക് Sanctioned Strength അനുസരിച്ചുള്ള ഒഴിവുകളിലേക്ക് ട്രാൻസ്ഫർ നൽകണം.
5. ജനറൽ ട്രാൻസ്ഫർ ഉത്തരവിന്റെ preface ൽ പറയുന്നത് മേൽ കാര്യങ്ങളൊക്കെ അംഗീകൃത യൂണിയനുകൾ അംഗീകരിച്ചുവെന്നാണ്. KEEC നേതൃത്വം നൽകുന്ന UDEEF അംഗീകരിച്ചിട്ടില്ലാത്ത കാര്യം അംഗീകരിച്ചുവെന്ന് പറയുന്നത് വസ്തുതകൾക്ക് വിരുദ്ധമാണ്.
6. Retirement- 31.12.2019 ന് താഴെയുള്ളവർക്ക് ജൻമ നാട്ടിലേക്ക് ട്രാൻസ്ഫർ ലഭിച്ചില്ലായെന്നുള്ളത് ഇക്കൊല്ലം മാത്രം നടന്ന അവകാശ നിയമ നിഷേധമാണ്. അത് പരിഗണിക്കുന്നതിനുള്ള നിർദ്ദേശം നൽകണം.
7. Shuffling അതാത് ഡിവിഷനിൽ മാത്രമേയുള്ളുവെന്ന് സമ്മതിച്ചിട്ട് അതിന് വിരുദ്ധമായാണ് ഉത്തരവിറക്കിയത്.
8. അപ്പീൽ പരിഗണിച്ചപ്പോൾ അർഹതപ്പെട്ട പലർക്കും നിഷേധിച്ചു .
9. കാൾ സെന്ററിൽ ജോലി ചെയ്യുന്ന INTUC യിൽപ്പെട്ട ലൈൻമാനേമാത്രം ട്രാൻസ്ഫർ ചെയ്തു.
10. ഗ്രേഡിന്റെ കാര്യത്തിൽ HRD ൽ നിന്നും ക്രമവിരുദ്ധമായി പുറത്തിറക്കിയ ഉത്തരവ് പിൻവലിച്ചിട്ടില്ല. ഇക്കാര്യം കോൺഫെഡറേഷൻ ആവശ്യപ്പെട്ടിരുന്നു.
11. 7 വർഷമായ AEE മാർവരെ ട്രാൻസ്ഫറില്ലാതെ നിൽക്കുമ്പോഴാണ് വർക്ക്മെൻ വിഭാഗത്തിലുള്ളവരെ തലങ്ങും വിലങ്ങും ട്രാൻസ്ഫർ ചെയ്തത്.
12. പട്ടാളക്കാരുടെ ആശ്രിതരുടെ പ്രൊട്ടക്ഷൻ നൽകണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടിരുന്നു. എന്നാൽ അത് നൽകിയില്ല. മേൽ വിഭാഗങ്ങൾ കോടതിയെ സമീപിച്ചു. കോടതി ഉത്തരവ് പ്രകാരം അവർക്ക് പ്രൊട്ടക്ഷൻ ലഭിച്ചു. എല്ലാ വിഷയങ്ങളിലും കോടതിയെ സമീപിച്ചാൽ മാത്രമേ കാര്യങ്ങൾ നടക്കു എന്നുള്ള സ്ഥിതി മാറ്റുന്നതിനുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.
13. സെക്ഷൻ ഓഫീസുകളെ Geographical Area, Consumer Strength ഇവയുടെ അടിസ്ഥാനത്തിൽ ഗ്രേഡ് തിരിച്ച്, ജീവനക്കാർ കൂടുതൽ വേണ്ടുന്ന എല്ലാ സ്ഥലങ്ങളിലും തസ്തികളിലും കൂടുതൽ നിയമനങ്ങളും പ്രമോഷനുകളും

നടത്തി ഒഴിവുകൾ നിരത്തണം. ഇതു സംബന്ധിച്ച അംഗീകൃത സംഘടനകളുമായി ചർച്ച നടത്തി തീരുമാനമെടുക്കണം.

14. സിസ്റ്റം സൂപ്പർവൈസർമാരെ റിലീവ് ചെയ്യേണ്ട എന്ന് നിർദ്ദേശം കൊടുത്തിരിക്കുന്ന സാഹചര്യത്തിൽ ഉടൻ നടക്കുന്ന പ്രൊമാഷനിൽമേൽ ഒഴിവുകൾ നികത്തണം.

15. Online Transfer വഴി സെക്ഷനിലേക്ക് നേരിട്ട് പോസ്റ്റിംഗ് നടത്തിയിരുന്നു. ഇപ്പോൾ വീണ്ടും അതത് ഡിവിഷനിൽ അവരവരുടെ സൗകര്യത്തിനനുസരിച്ച് shuffle ചെയ്യാമെന്ന് ഉത്തരവിറക്കിയത് മാനദണ്ഡങ്ങൾക്ക് വിരുദ്ധമായതിനാൽ അത് വീണ്ടും നടപ്പാക്കാതിരിക്കാനുള്ള നിർദ്ദേശം നൽകണം.

16. എല്ലാ പ്രമോഷനുകളും ഉടൻ നടത്തുന്നതിനും നിയമനങ്ങൾ മുഴുവൻ പൂർത്തിയാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകണം.

17. KSEBL ൽ OA ആയി ജോലി ചെയ്യുന്നവരിൽ 99% വും ആശ്രിത നിയമനം വഴി ജോലി ലഭിച്ചവരാണ്. ബോർഡിനും സമൂഹത്തിനും വേണ്ടി ജീവൻ ബലിയർപ്പിച്ചവരുടെ ആശ്രിതരായവർക്ക് നിയമനം ലഭിച്ചുവെങ്കിലും പലരും 12 വർഷത്തിലധികമായി ഒരു പ്രൊമോഷനുമില്ലാതെ ഒരേ തസ്തികയിൽ തുടരുകയുമാണ്. അവരുടെ പ്രൊമോഷൻ ഉടൻ നൽകുന്നതിനുള്ള നിർദ്ദേശം നൽകണം.

18. മീറ്റർ റീഡർ ഉൾപ്പടെയുള്ള ചില തസ്തികകളിലെ request transfer ഇതുവരെയും പുറത്തിറക്കിയിട്ടില്ല. അർഹതപ്പെട്ടവർക്കുള്ള ട്രാൻസ്ഫർ ഉടൻ നൽകുന്നതിനുള്ള നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

ജനറൽ സെക്രട്ടറി